**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 886** **10-06-2021 - ൽ മറുപടിയ്ക്ക്**

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സർക്കാർ വിദ്യാലയങ്ങളുണ്ടെന്ന് അറിയിക്കാമോ; | (എ) | 98 സർക്കാർ വിദ്യാലയങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. |
| (ബി) | അവ ഏതെല്ലാം ജില്ലകളിലാണെന്നും അവയ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്താൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | (ബി) | എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ വിദ്യാലയങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും മതിയായ സ്ഥല സൗകര്യം ഇല്ലാത്തതുമായ സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് സ്കൂളിന് സമീപമുള്ള സ്ഥലം സൗജന്യമായി ലഭിക്കാനുള്ള സാധ്യത കണ്ടെത്തുകയോ, അല്ലെങ്കിൽ വ്യക്തികളിൽ നിന്നും മിതമായ വിലയ്ക്ക് സ്ഥലം വാങ്ങുകയോ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സ്ഥലം ലഭ്യമായ വിദ്യാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ വിദ്യാലയങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും മതിയായ സ്ഥല സൗകര്യം ഇല്ലാത്തതുമായ സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് സ്കൂളിന് സമീപമുള്ള സ്ഥലം സൗജന്യമായി ലഭിക്കാനുള്ള സാധ്യത കണ്ടെത്തുകയോ, അല്ലെങ്കിൽ വ്യക്തികളിൽ നിന്നും മിതമായ വിലയ്ക്ക് സ്ഥലം വാങ്ങുകയോ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ